LIBRARY ARCHIVES Kerala Legislative Assembly

## സാമൂഹ്യനീതിവകുപ്പുവഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകൾ

277 (4893) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപെൻഷനുകൾ ഏതെല്ലാമാണെന്നും ഓരോ ക്ഷേമപദ്ധതികളിലും എത്ര ഗുണഭോക്താക്കളുണ്ടെന്നും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഓരോ ക്ഷേമ പെൻഷനുകളുടെയും തുകയിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച പുതിയ ക്ഷേമപെൻഷൻ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പിന്റെകീഴിലുള്ള ക്ഷേമപെൻഷനുകൾ- വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ്. ടി പദ്ധതികളുടെ ജില്ല തിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധം ആയിചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമപെൻഷനുകളിൽ വരുത്തിയ വർദ്ധനവ് അനുബന്ധം II ആയി ചേർക്കുന്നു.* 2014-15 ലെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാനസികരോഗികൾക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷേമപെൻഷനുകളുടെ വർദ്ധനവ്

278 (T 4894) ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷേമപെൻഷനുകൾ ഈ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ?

---

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.